കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/2483/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി.30.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് / സെക്രട്ടറി മുഖേന
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,
വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)അസി.ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം

3)അസി.ഡവലപ്പ്മെന്റ് കമ്മീഷണർ (പെർഫോർമെൻസ് ഓഡിറ്റ്), മലപ്പുറം
4) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.4/2483/2017 തിയ്യതി:-30.11.2017

**മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 07.02.2017 മുതൽ 07.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ഒന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.വി.കെ ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 08-11-2017 മുതൽ 16-11-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ടി.പി അബ്ദുൽ ജലീൽ | ഓഡിറ്റ്ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.പി.സുഗതൻ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.പി.വി സത്യൻ | 01.04.2016 മുതൽ 17.06.2016 വരെ |
| ശ്രീ.വി.എസ് സുരേഷ് | 17.06.2016മുതൽ 16.01.2017 വരെ |
| ശ്രീ.ജേക്കബ് സക്കറിയ | 17.01.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | പ്രവീണ.കെ.കെ | 01.04.2016 മുതൽ 30.06.2016 വരെ |
| | അബ്ദുൾ ജലീൽ.വി | 01.07.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.ഉത്തമൻ.ജി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ഗീത.പി.ടി | 01.04.2016 മുതൽ 31.03.2017 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിനോദ്.പി.സി | 01.04.2016മുതൽ 31.03.2017 വരെ |
| എസ്.സി.ഡി.ഒ | ശ്രീ.ജയകൃഷ്ണൻ.ആർ | 01.04.2016 മുതൽ 17.06.2016 വരെ |
| | ശ്രീ.ജിസ്.കെ.ജോസ്(ചാർജ്) | 17.06.2016 മുതൽ 23.06.2016 വരെ |
| | ശ്രീ സതീഷ് കുമാർ(ചാർജ്) | 24.06.2016 മുതൽ 14.11.2016 വരെ |
| | ശ്രീ.എസ്.രാജീവ് | 14/11/2016 (FN) മുതൽ 31/3/2017 വരെ |

| | | |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.ഹഫ്സത്ത്.പി | 01.04.2016മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.പി.ശ്രീകാന്തൻ | 01.04.2016 മുതൽ 12.05.2016 വരെ |
| | ശ്രീ.അബ്ദുൾ മഹറൂഫ്.എച്ച്.പി | 12.05.2016 മുതൽ 29.07.2016വരെ |
| | പി.മഹേഷ്. | 30.07.2016മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| | | | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-1 | |
| 13 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-2 | |
| 14 | മാലിന്യ മുക്ത ചാലിയാർ---പദ്ധതിയുടെ പൂർത്തീകരണ വിവരമില്ല | 3-3 | |
| 15 | സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം--ക്രമീകരണ വിവരമില്ല | 3-4 | |

| | | | |
|---|---|---|---|
| 16 | ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ കാർഷിക കർമ്മ സേനയ്ക്ക് യന്ത്രങ്ങൾ വാങ്ങി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 | |
| 17 | വയോമിത്രം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 | |
| 18 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-7 | |
| 19 | ശ്രവണശേഷി കുറവുള്ള കുട്ടികൾക്ക് ശ്രവണസഹായി നൽകൽ | 3-8 | |
| 20 | IAY—അധിക വിഹിതങ്ങൾ നൽകുന്നതിനായി പിൻവലിച്ച തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖയില്ല | 3-9 | |
| 21 | PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-10 | |
| 22 | PMAY—ആദ്യഗഡു മാത്രം കൈപ്പറ്റി വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല | 3-11 | |
| 23 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 651600 രൂപ | 3-12 | |
| 24 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-13 | |
| 25 | കരാറുകാരന് അധികം തുക നൽകി: നഷ്ടം 81342 രൂപ | 3-14 | |
| 26 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്താതെ കൺവീനർമാർക്ക് തുക നൽകി; നഷ്ടം 3824 രൂപ | 3-15 | |
| 27 | ബിറ്റുമിൻ വാങ്ങി നടപ്പാക്കിയ പ്രവൃത്തികൾ 16-17 ൽ നടപ്പാക്കിയിട്ടില്ല | 3-16 | |
| 28 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. നി.ഉദ്യോഗസ്ഥൻ. അസി.എക്സി.എഞ്ചിനീയർ | 3-17 | |
| 29 | മരുന്ന് ലഭ്യമായിട്ടില്ല | 3-18 | |
| 30 | സി.എച്ച്.സി ചുങ്കത്തറയിലേക്ക്ഉപകരണങ്ങൾ വാങ്ങൽ-അപാകതകൾ | 3-19 | |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി-അപാകതകൾ | 3-20 | |
| 32 | പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ടെൻഡർ/ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല | 3-21 | |

| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
|---|---|---|---|
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 02.03.2016 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 05.08.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2016-17 | 15/11/2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോട് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധന—അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ വാർഷിക കണക്ക് 15/11/2017 ന് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2-ബജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല.

3-വൌച്ചറുകൾ വൌച്ചർ ലിസ്റ്റ് തയ്യാറാക്കി ഫണ്ടടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

4-RP 31 പ്രകാരമുള്ള താഴെപ്പറയുന്ന വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം (RP-31) |
|---|---|
| TSC | 102177 |
| IAY-General | 972682 |
| Centrally Sponsored Scheme | 43000 |
| Oyher Central Govt | 316 |
| ശുചിത്വമിഷൻ ഗ്രാന്റ് | 15763 |
| Other Govt.Grant | 16517920 |
| Specific Purpose Financial Institution | 9206000 |
| Joint Venture Project | 1895900 |
| Joint Venture Project | 17696288 |
| Joint Venture Project | 9143273 |
| Beneficiary Contribution | 546878 |
| Best Panchayat Award | 2106684 |

5-കെട്ടിട വാടക.ലീസ് എന്നിവയിൽ യഥാക്രമം 2000,3000 രൂപ വരവ് കാണിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6-IAY-ലോൺ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ബാധ്യത രേഖപ്പെടുത്തിയത് പരിശോധിക്കാനായിട്ടില്ല.

7-ഷെഡ്യൂൾ B9 പ്രകാരം കാണിച്ചിട്ടുള്ള (Sundry Creditors) തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

8-വിവിധ അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച് മാസാന്ത്യ ,വർഷാന്ത്യ റീകൺസിലിയേഷൻ നടത്തുന്നില്ല.

9-താഴെപ്പറയുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് (RP-40(b) പരിശോധിക്കാനാവശ്യമായ ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് , റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| Union Bank-Tsc | 1253787 |
| MDC Bank-Loan A/c | 4908 |
| SMGB-SGSY | 2235 |

10-2011ലെ കേരള അക്കൌണ്ടിംഗ് റൂൾസ്-ചട്ടം 57, 58 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

11-ഇന്ത്യൻ ബാങ്ക്-IAY-TSC ഒഴികെയുള്ള അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രിന്റെടുത്ത് സൂക്ഷിക്കുകയോ, ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.ആയതിനാൽ പണം അടവ് പിൻവലിക്കൽ, എന്നിവ പരിശോധിക്കാനായിട്ടില്ല.
12. 15-16 വാർഷിക കണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58159232 |
| വരവ് | 114695787 |
| ആകെ | 172855019 |
| ചെലവ് | 122005706 |
| നീക്കിയിരുപ്പ് | 50849313 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 41218308 | 0 | 41218308 | 21671859 | 19546449 | 53 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 7044837 | 0 | 7044837 | 5453102 | 1591735 | 77 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 6043176 | 0 | 6043176 | 3836499 | 2206677 | 63 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 6401199 | 0 | 6401199 | 5374339 | 1026860 | 84 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 117876570 | 58 | 47682480 | 0 | 39 | 60 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം(+) ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | |
| നികുതിയേതര വരവുകൾ (ജി.പി.ജി. ഒഴികെ) | 795763 | 151010 | (-)644753 | 81(-) |
| മറ്റുവരവുകൾ | 0 | 0 | 0 | -- |
| ആകെ | 795763 | 151010 | (-)644753 | 81(-) |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-11-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് തൃപ്തികരമല്ല.
2. ചെലവ് വൗച്ചറുകൾ ക്രമരഹിതമായാണ് ഓഡിറ്റിന് ലഭ്യമാക്കിയത്.
3. പ്രൊജക്ടുകൾ രൂപീകരിക്കുന്നതിലും നിർവ്വഹണത്തിനായി ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നതിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.
(ഉദാഃ സ്.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഭാഗം.3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)
4.നിർവ്വഹണോദ്യോഗസ്ഥരുടെ പേര്,കാലയളവ്, മേൽവിലാസം എന്നിവ എഴുതി സൂക്ഷിക്കുന്ന മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.02.2017 | 2015-16 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.03.2015 | 2009-11 മുതൽ 2013-14വരെ | 14.11.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന-അപാകതകൾ

1.അക്കൗണ്ട് നം 626063601 ഇന്ത്യൻ ബാങ്ക് നിലമ്പൂർ(2016-17) ഒഴികെയുള്ള അക്കൗണ്ടുകളുടെ 7/02/2017മുതൽ 7/11/2017 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവയും ടി കാലയളവിലെ day book ഉം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.അക്കൗണ്ട് നം 626063601 (ഇന്ത്യൻ ബാങ്ക് നിലമ്പൂർ) വരവ് ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

വരവ് ചെലവ് കണക്കുകൾ അതത് ദിവസം അക്കൗണ്ട് ചെയ്യുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം/തിയതി | തുക | അക്കൗണ്ടിൽ നിന്നും പണം | അക്കൗണ്ട് ചെയ്ത |
|---|---|---|---|

| | | പിൻവലിച്ച തിയതി | തിയതി |
|---|---|---|---|
| 380990/30-07-2016 | 4600 | 30-07-2016 | 7-03-2017 |
| 380991/30-09-2016 | 13800 | 3-09-2016 | 7-03-2017 |
| 380993/21-09-2016 | 603657 | 21-09-2016 | 7-03-2017 |
| ആകെ | 622057 | | |

കാരണം വിശദമാക്കേണ്ടതാണ്.

3. 7/02/2017മുതൽ 7/11/2017 വരെയുള്ള സാംഖ്യ രശീതികൾ -ക്യാൻസൽ ചെയ്ത രശീതികൾ, സാംഖ്യ രശീതി സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

തനതു ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ടെങ്കിലും, വിനിയോഗ വിവരം, ചെലവു വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി നം.5/16.11.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

| ചെക്ക് നം../തീയതി | തുക |
|---|---|
| 7320839/14.11.16 | 19655 |
| 9704051/26.12.16 | 12960 |
| 1480637/22.03.17 | 100 |
| 1480638/22.03.17 | 1046793 |
| 1480639/24.03.17 | 100 |
| 1480640/24.03.17 | 686548 |
| 3320481/25.03.17 | 65000 |
| 3320482/28.03.17 | 572182 |
| 3320483/28.03.17 | 21440 |
| 3320496/30.03.17 | 23693 |
| 3320497/31.03.17 | 30000 |
| 3320498/31.03.17 | 1660 |
| 3320493/31.03.17 | 5986 |
| ആകെ | 25010915 |

ചെലവു തുക 25010915 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകതപരിഹരിക്കേണ്ടതാണ്. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി, തുക നൽകിയിട്ടുണ്ട്.എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ/വൌച്ചർ നം./തീയതി | തുക | സ്ഥാപനം |
|---|---|---|
| 16/16-17/22.02.17 | 1000000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം |
| 21600342/31.10.16 | 790000 | മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP) തൃശ്ശൂർ |
| ആകെ | 1790000 | |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.ചെലവു തുക 1790000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റുന്ന മുറക്ക് അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-3 മാലിന്യമുക്ത ചാലിയാർ---പദ്ധതിയുടെ പൂർത്തീകരണ വിവരമില്ല

പ്രൊജക്ട് നം.28/17

ബിൽ നം.39/16-17/29.03.17—602900

നിർവ്വഹണം-ബ്ലോ.പ.സെക്രട്ടറി.

ചാലിയാർ നദിയെ മാലിന്യമുക്തമാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിക്ക് 6125000 രൂപ അടങ്കൽ നിശ്ചയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിന് അക്രഡിറ്റഡ് ഏജൻസിയായി Integrated Rural Technology Centre, Mundoor,Palakkad എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. 01.03.17 ന് ഏജൻസിയുമായി ഒപ്പു വച്ച കരാർ പ്രകാരം താഴെപ്പറയുന്ന സേവനങ്ങൾ ഏജൻസി ചെയ്തു തരുന്നതാണ്.

1-മാലിന്യ മുക്ത ചാലിയാർ പദ്ധതിയുടെ DPR തയ്യാറാക്കി നൽകുക

2-നീർത്തടാടിസ്ഥാനത്തിൽ സർവ്വേ നമ്പർ അടങ്ങിയ ഇടപെടൽ ഭൂപടം

3-പ്രധാനപ്പെട്ട കർമ്മ പരിപാടി നിർദ്ദേശങ്ങൾ കാമിക്കുന്ന GIS ഭൂപടം

ആദ്യ ഗഡുവായി ഏജൻസിക്ക് 602900 രൂപ മേൽപ്പറഞ്ഞ പ്രകാരം നൽകിയിട്ടുണ്ട്.പദ്ധതിയുടെ പൂർത്തീകരണ വിവരം, നിലവിലെ സ്ഥിതി എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 602900 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം--ക്രമീകരണ വിവരമില്ല.

കാരക്കോട് വികസന വിദ്യാ കേന്ദ്രത്തിലെ ശ്രീമതി.ഉഷാകുമാരി എസ്. എന്നവർക്ക് 9/16-ലെ ഹോണറേറിയം,ഉൽസവ ബത്ത എന്നിവ തനത് ഫണ്ടിൽ നിന്നും അനുവദിച്ചതായി കാണുന്നു. (വൌച്ചർ നം.21600332/21.10.16---6500) സാക്ഷരതാ ഫണ്ട് ലഭ്യമാകുന്ന മുറക്ക് തിരികെ ക്രമീകരിക്കാമെന്ന വ്യവസ്ഥയിലാണ് ഇപ്രകാരം തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളത്. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ കാർഷിക കർമ്മ സേനയ്ക്ക് യന്ത്രങ്ങൾ വാങ്ങി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.76/17

ബിൽ നം.1/16-17/23.02.17—272760

ബിൽ നം.2/16-17/18.03.17—64314

337074

നിർവ്വഹണം--അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലുള്ള സർവ്വീസ് സഹകരണ ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേനക്ക് താഴെപ്പറയുന്ന യന്ത്ര സാമഗ്രികൾ 75% സബ്സിഡിയോടെ Kamcoയിൽ നിന്നും വാങ്ങ് നൽകിയിട്ടുണ്ട്.

| യന്ത്രോപകരണം | അനുവദിച്ച സബ്സിഡി |
|---|---|
| Garden Tiller | 38713 |
| Power Tiller | 104550 |
| Cage Wheel | 8615 |
| Furrower | 996 |
| Bush Cutter(7 nos.) | 119886 |
| Power Reaper | 64314 |
| ആകെ | 337074 |

പ്രൊജക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—ജി.ഒ.(എം.എസ്) 4/16 തസ്വഭവ 11.01.16-സബ്സിഡി മാർഗ്ഗരേഖ പ്രകാരം യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കർഷക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20% കുറഞ്ഞ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കുമെന്നും അവ നൽകപ്പെടുന്ന തദ്ദേശഭരണ സ്ഥാപനവുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. യന്ത്രങ്ങളുടെ ഉടമസ്ഥത തദ്ദേശഭരണ

സ്ഥാപനത്തിനായിരിക്കും. എന്നാൽ കരാർ സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2—യന്ത്രങ്ങൾ നൽകുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനത്തെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഒരു ഗ്രാമ പഞ്ചായത്തിലെ കർഷക ഗ്രൂപ്പിനു യന്ത്രങ്ങൾ നൽകുന്നതിനു മാത്രമായി പ്രൊജക്റ്റ് രൂപീകരിച്ചതിനും ചെലവു ചെയ്തതിനും ഇടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/16.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 337074 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ തന്നെ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-6 വയോമിത്രം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം.71/17

ബിൽ നം.2/16-17/31.03.17—2417493 (വികസനഫണ്ട്)

ചെക്ക് നം.3320499/31.03.17—36288 (തനത് ഫണ്ട്)

നിർവ്വഹണം--സി.ഡി.പി.ഒ

വയോമിത്രം പദ്ധതി പ്രകാരം താഴെപ്പറയുന്ന ചെലവവകളാണ് നടന്നിട്ടുള്ളത് (ക്യാമ്പ് സംഘടിപ്പിച്ചതിന് 36288 രൂപ )

| ചെലവിനം | തുക | വാങ്ങിയ സ്ഥാപനം |
|---|---|---|
| കട്ടിൽ (Hospital Cot)--<br>231 എണ്ണം | 1464540 | ഫ്ലോറ ഏജൻസീസ്, നടുവത്ത് |
| Tripod Stick—<br>340 എണ്ണം | 117300 | Spine Orthosis&Prosthesis,Manjeri |
| Portable Closet--<br>310 എണ്ണം | 488650 | Spine Orthosis&Prosthesis,Manjeri |
| ആയുർവ്വേദ മരുന്ന് | 300000 | ഔഷധി കുട്ടനെല്ലൂർ,തൃശ്ശൂർ |
| അലോപ്പതി മരുന്ന് | 97003 | സപ്ലൈകോ പാലക്കാട് |

പ്രൊക്റ്റിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-സ.ഉ.(സാധാ) നം.50/17/തസ്വഭവ തീ.07.01.17-ഉത്തരവ് പ്രകാരം 60 വയസ്സു കഴിഞ്ഞ

എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ട വൃദ്ധക്കർക്ക് കട്ടിൽ വാങ്ങി നൽകുന്നതിന് എസ്.സി, എസ്.ടി ഫണ്ടുകൾ ഉപയോഗിക്കാൻ ഗ്രാമ പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും അനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരാത്ത ഇനത്തിൽ വ്യക്തിഗതാനുകൂല്യം നൽകുന്ന പ്രൊജക്ട് നടപ്പിലാക്കി. പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതിയും നേടിയിട്ടില്ല.

2-മേൽപ്പറഞ്ഞ മരുന്നുകൾ ഉൾപ്പടെയുള്ള സാധനങ്ങൾ വാങ്ങുന്നതിനും പ്രൊജക്ട് നിർവ്വഹണം നടത്തുന്നതിനും ക്ഷമതയുള്ള നിർവ്വഹണോദ്യോഗസ്ഥനായി (Competent Athority) CDPO യെ ചുമതലപ്പെടുത്തിയത് ക്രമപ്രകാരമല്ല. മെഡിക്കൽ ഓഫീസറെ (CHC) നിർവ്വഹണച്ചുമതല ഏൽപ്പിക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

3-ഔഷധിയിൽ നിന്നും വാങ്ങിയ ആയുർവ്വേദ മരുന്നുകൾ ഗ്രാമ പഞ്ചായത്തുകളിലുള്ള ഗവ.ആയുർവ്വേദ ആശുപത്രികളിലേക്ക് നൽകിയതായി കാണുന്നുണ്ട്. പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമായി ആശുപത്രികളിലൂടെ ഈ മരുന്നുകൾ നൽകുന്നതെങ്ങനെയെന്നത് വ്യക്തമല്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് മരുന്ന് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാനും ഉറപ്പു വരുത്തുന്നതിനും സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയിട്ടില്ല.

4-അലോപ്പതി മരുന്നുകൾ ഇൻവോയ്സ് നം.4033/16 തീ.28.02.17 പ്രകാരം ലഭിച്ചത് സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.(സ്റ്റോക്ക് രജിസ്റ്റർ പേജ്-3 v0l.2) എന്നാൽ വിതരണം ചെയ്തതായി കാണുന്നില്ല. ആശുപത്രികളിലേക്ക് കൈമാറിയ വിവരവുമില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16.11.17) രേഖാമൂലം മറുപടി നൽകിയിട്ടില്ല. അലോപ്പതി മരുന്നുകൾ നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയോ, ആശുപത്രികളിലേക്ക് നൽകുകയോ ചെയ്തിട്ടില്ല. മരുന്നുകൾ CDPO ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് വാക്കാൽ മറുപടി നൽകി. മരുന്നുകൾക്ക് നിശ്ചിത കാലപരിധിയും, സൂക്ഷിക്കുന്നതിന് ശീതീകരണ സംവിധാനവും ആവശ്യമാണെന്നിരിക്കേ ഇത്രയും കാലം മരുന്നുകൾ ഉപയോഗിക്കാതെ അശ്രദ്ധമായി സൂക്ഷിച്ചത് വഴി മിക്ക മരുന്നുകളും ഉപയോഗശൂന്യമായിട്ടുണ്ടാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തികഞ്ഞ കൃത്യവിലോപമാണ് നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഉണ്ടായിട്ടുള്ളത്. അലോപ്പതി മരുന്നുകൾ ഉപയോഗശൂന്യമായിട്ടുണ്ടെങ്കിൽ ചെലവുതുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. 2453781 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വാങ്ങിയ മരുന്നുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ വിതരണം ചെയ്യാതിരുന്നതു വഴി പദ്ധതി ലക്ഷ്യം കണ്ടിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാങ്ങിയ മരുന്നുകൾ തന്നെ ഉപയോഗിക്കത്തക്ക അവസ്ഥയിൽ ഗുണഭോക്താക്കൾക്ക് നല്കിയെന്ന് ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും അപാകതയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-7 <u>ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ</u>

പ്രൊജക്ട് നം.72/17

ബിൽ നം.1/16-17/31.03.17—900000

നിർവ്വഹണം--സി.ഡി.പി.ഒ

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം 13 പേർക്ക് മുച്ചക്ര വാഹനം Classic Scoobikes Pvt. Ltd, Kozhikkode എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | വിലവിവരം |
|---|---|
| Vehicle Cost | 54533x13=708929 |
| Insurance | 1669x13=21697 |
| Registration | 950x13=12350 |
| Extra Wheel | 12200x13=158600 |
| ആകെ | 901576 (Rounded-900000) |

പ്രൊജക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 10 പേർ വാഹനം കൈപ്പറ്റിയതായി കാണുന്നുണ്ട്. താഴെപ്പറയുന്നവർ വാഹനം കൈപ്പറ്റിയതായി കാണുന്നില്ല.

1-അബ്ദുൾ അഷറഫ് കിഴക്കേപ്പറമ്പിൽ

2-മജീദ് കോക്കാടൻ

3-ആലിക്കുട്ടി അവിയക്കോടൻ

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/16.11.17) മറുപടി രേഖാമൂലം ലഭ്യമാക്കിയില്ല. എന്നാൽ അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയെന്ന പരാതികൾ ലഭിച്ചതു കൊണ്ട് മേൽപ്പറഞ്ഞവർക്ക് വാഹനം നൽകിയിട്ടില്ല എന്നാണ് വാക്കാൽ മറുപടി നൽകിയത്. വാഹനങ്ങൾ സ്ഥാപനത്തിലേക്ക് തന്നെ മടക്കി നൽകിയെന്നും അവരുടെ കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയാണെന്നും പരിശോധനാ വേളയിൽ നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. ഗുണഭോക്താക്കളെ സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തി, അർഹതയുള്ളവരെ മാത്രം ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തി, അനർഹർക്കു വേണ്ടിയും വാഹനം വാങ്ങുക വഴി വികസനഫണ്ട് ദുരുപയോഗം ചെയ്തു. വില മുഴുവനായി നൽകിയ വാഹനങ്ങൾ ,തുക തിരികെ ഈടാക്കാതെ സ്ഥാപനത്തിനു തന്നെ തിരികെ നൽകി. ഗുരുതരമായ ക്രമക്കേടാണ് നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഉണ്ടായിട്ടുള്ളത്. 3വാഹനങ്ങളുടെ വില (6952x3=208056) നാളിതുവരെയുള്ള പലിശ സഹിതം നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. നിരുത്തരവാദപരമായി സർക്കാർ ഫണ്ട് കൈകാര്യം ചെയ്തതിന് നിർവ്വഹണോദ്യോഗസ്ഥക്കെതിരെ വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 3-8 ശ്രവണശേഷി കുറവുള്ള കുട്ടികൾക്ക് ശ്രവണസഹായി നൽകൽ

പ്രൊജക്ട് നം.72/17

ബിൽ നം.3/16-17/31.03.17—1812520

നിർവ്വഹണം--സി.ഡി.പി.ഒ

പ്രൊജക്ടിലൂടെ 90 പേർക്ക് ശ്രവണ സഹായികൾ വാങ്ങി നൽകിയിട്ടുണ്ട്.

| ചെലവിനം | എണ്ണം/തുക | വാങ്ങിയ സ്ഥാപനം |
|---|---|---|
| Hearing aid 8 Channel | 32x14990 | Al Shifa Rhabilitation, Digital Hearing aid Centre, Manjeri |
| Hearing aid 12 Channel | 58x22980 | Mafas Ear Care, Manjeri |

പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല. ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 1812520/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. [അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 20/16.11.17) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ]

## 3-9 IAY—അധിക വിഹിതങ്ങൾ നൽകുന്നതിനായി പിൻവലിച്ച തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖയില്ല

താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം IAY ഗുണഭോക്താക്കൾക്ക് അധിക വിഹിതം ഉൾപ്പെടുത്തുകയും, പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. തുക പിൻവലിച്ച് അക്കൌണ്ടിൽ (STSB-1750) നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ലഭ്യമാക്കിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നം, തീയതി/തുക |
|---|---|
| പ്രൊജക്ട് നം.102/17<br>1AY-അധിക വിഹിതം (SC) | 11/16-17/13.12.16--2000000 |
| പ്രൊജക്ട് നം.103/17<br>1AY-അധിക വിഹിതം (ST) | 12/16-17/13.12.16--1000000 |
| പ്രൊജക്ട് നം.104/17<br>1AY-അധിക വിഹിതം (SC) | 19/16-17/29.03.17--380889 |
| പ്രൊജക്ട് നം.105/17<br>1AY-അധിക വിഹിതം (ST) | 17/16-17/24.03.17--643884 |
| പ്രൊജക്ട് നം.131/17<br>1AY-അധിക വിഹിതം (ST) | 31/16-17/29.03.17--180000 |

| | |
|---|---|
| പ്രൊജക്ട് നം.138/17<br>1AY-അധിക വിഹിതം (SC) | 33/16-17/29.03.17--395409 |
| പ്രൊജക്ട് നം.145/17<br>1AY-അധിക വിഹിതം (SC) | 30/16-17/29.03.17--672000 |
| ആകെ | 5272182 |

രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവു തുക 5272182 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

2016-17 വർഷത്തിൽ ജനറൽ, എസ്.സി,എസ്.ടി വിഭാഗങ്ങളിലായി 136 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്.എന്നാൽ മുഴുവൻ പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വിഭാഗം | എഗ്രിമെന്റ് വെച്ചവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കിയവർ | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| ജനറൽ | 111 | 43 | 68 |
| പട്ടികജാതി | 18 | 2 | 16 |
| പട്ടികവർഗ്ഗം | 7 | 3 | 4 |

ഭവന നിർമ്മാണം വളരെ മന്ദ ഗതിയിലാണ് നടക്കുന്നതെന്ന് കാണുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

